# ക്രിസ്തുവോ മാലാഖയോ

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

**ഒരു** പ്രഭാതത്തിൽ മാർദ്ദവത മറന്ന ദൈവം
നരനാരദനെ കാത്ത് ധ്യാനനിരതയിലായിരുന്നു.

പരമാത്മന്റെ ദൃഢഗാഢത
മർത്ത്യജീവനാഡിയിൽ അരിക്കുന്നതു കണ്ട
ശരീരശാസ്ത്രവിശാരദനായ ചെകുത്താൻ
കണ്ണും കർണ്ണവും പ്രവേശനദ്വാരമാക്കി
അഷ്ടപതിമൂളി ഭക്തിമത്ത് തെളിച്ച്
ഉന്മാദത്തിരിയിൽ തീപ്പെട്ടിയുരച്ചു.

നിനക്കാരെയാണ് ഈ വെളുപ്പിലാവശ്യം?
ക്രിസ്തുവിനെയോ മാലാഖയെയോ?
ഇതികർത്തവ്യതാമൂഢതയുടെ കൺത്തുറപ്പ് –
സ്റ്റേജിൽ ഉയിർപ്പുരംഗം കഴിഞ്ഞ് കർട്ടൻ വീണു
ജീവാത്മൻ പ്രാർത്ഥനയിൽ വഴുതി.

ക്രിസ്തുവായ സൌന്ദര്യധാമവും
മാലാഖയായ കൃശസുന്ദരിയും
വേഷം അഴിച്ച് മുമ്പിൽ.

കബന്ധബോധിനി പടച്ച ചെകുത്താൻ
വൃഷണത്തിൽ കയറി നട്ടെല്ലിലൂടെ അരിച്ച്
രക്ത-മസ്തിഷ്ക പ്രതിരോധം തുരന്ന്
കോഴിത്തൂവ്വലാൽ തലയോട്ടിൽ തടവി.
ആശ്ചര്യചിഹ്നത്തിലെ ചോദ്യാങ്കുശ വിരൽ നോക്കി
ചെറുതുരുത്തിയിലെ സാക്ഷിപത്രച്ചുരുളിൽ
ഇരുകൈകളുയർത്തി ചെകുത്താൻ അടയാളം കാട്ടി:

ഇടതുവിരലാൽ സംഭോഗ മുദ്ര
വലതുകയ്യാൽ സ്വയംഭോഗ മുദ്ര.

ജീവാത്മൻ കണ്ണട തേടി
മാർലൊയും ഫോസ്റ്റസും[@@@] വരണാധികാരികളായ
തിരഞ്ഞെടുപ്പു ബൂത്തിൽ
തിരിച്ചറിയൽ കാർഡിനായി
മടിശ്ശീല തുറന്നു.
************************************************************************************
[@@@]ക്രിസ്റ്റൊഫർ മാർലോയുടെ ഡോക്ടർ ഫോസ്റ്റസ് എന്ന നാടകം